**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 864** **10-06-2021 - ൽ മറുപടിയ്ക്ക്**

**അഡ്വഞ്ചർ ടൂറിസം മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് അഡ്വഞ്ചർ ടൂറിസം മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് അഡ്വഞ്ചർ ടൂറിസം മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. (1) അഡ്വഞ്ചർ പാർക്ക് തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് എന്നിവിടങ്ങളിൽ അഡ്വഞ്ചർ പാർക്ക് ആരംഭിച്ചു. (2) സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസ് & രജിസ്ട്രേഷൻ സിസ്റ്റം സാഹസിക വിനോദസഞ്ചാര മേഖലയിലെ സുരക്ഷാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ (KATPS) നേതൃത്വത്തിൽ ഒരു വിദഗ്ധ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 തരം സാഹസിക ടൂറിസം ആക്റ്റിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ "സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസ്" പുറപ്പെടുവിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ വിനോദ സഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി ഒരു ഓൺലൈൻ രജിസ്ട്രേഷൻ സിസ്റ്റവും നടപ്പിലാക്കി. (3) അന്തർദേശീയവും ദേശീയവുമായ സാഹസിക മത്സരങ്ങൾ സംഘടിപ്പിക്കുക പൊതു- സ്വകാര്യ പങ്കാളിത്തത്തോടു കൂടിയുള്ള സ്ഥാപനങ്ങൾ, ടെക്നിക്കൽ അഡ്വൈസേർസ് എന്നിവരുമായി സഹകരിച്ച് അന്തർദേശീയവും ദേശീയവുമായ സാഹസിക മത്സരങ്ങൾ സംഘടിപ്പിച്ച് വരുന്നു. പ്രധാനപ്പെട്ടവ താഴെപറയുന്നു. (i) MTB Kerala ഇന്റർ നാഷണൽ മൗണ്ടെൻ ബൈക്ക് ചലഞ്ച് MTB Kerala നടത്തി വരുന്നു. 2018, MTB Kerala 5th Edition മത്സരത്തിൽ നാഷണൽ തലത്തിൽ ആദ്യമായി വനിതകളെ കൂടി ഉൾപെടുത്തി. 2019 |

| | | | |
|---|---|---|---|
| | | | ഡിസംബറിൽ നടന്ന MTB Kerala 2019 സൈക്ലിംഗ് മത്സരം അന്തർദേശീയ സംഘടനയായ യു.സി.ഐ യുടെ ഭാഗമായി മാറി. (ii) മലബാർ റിവർ ഫെസ്റ്റിവൽ അന്താരാഷ്ട്ര കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവൽ കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിൽ ഇരുവഞ്ഞിപ്പുഴയിലും, ചാലിപ്പുഴയിലും നടത്തുകയുണ്ടായി. (iii) ചാലിയാർ ചലഞ്ച് (iv) ആംഗ്ലിംഗ് മത്സരം (4) ആഡ്വഞ്ചർ ആക്ടിവിറ്റികളുടെ മാർക്കറ്റിംഗ് കേരളത്തിലെ സാഹസിക ടൂറിസം മാർക്കറ്റ് ചെയ്യുന്നതിന്റെ ഭാഗമായി കേരള ട്രാവൽ മാർട്ട് 2018, ATOAI കൺവെൻഷൻ 2019 അറക്കുവാലി തുടങ്ങിയ ട്രാവൽ എക്സിബിഷനുകളിൽ പങ്കെടുത്തിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള അഡ്വഞ്ചർ മേഖലകളെ കോർത്തിണക്കിക്കൊണ്ടുള്ള "അഡ്വഞ്ചർ ടൂർ പാക്കേജുകൾ " KATPS സംഘടിപ്പിക്കുന്നു. |
| (ബി) | ഈ പദ്ധതികൾക്കായി എത്ര തുക വീതം ചെലവഴിച്ചു എന്ന് അറിയിക്കാമോ; | (ബി) | അന്താരാഷ്ട്ര മത്സരങ്ങൾക്കും മറ്റു പദ്ധതികൾക്കുമായി 1,72,14,917/- (ഒരു കോടി എഴുപത്തി രണ്ട് ലക്ഷത്തി പതിനാലായിരത്തി തൊള്ളായിരത്തി പതിനേഴ് രൂപ) ചെലവഴിച്ചു. |
| (സി) | ഈ മേഖലയിൽ നടപ്പിലാക്കാനിരിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ? | (സി) | തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽശാല ഗ്രാമപഞ്ചായത്തിൽ അഡ്വഞ്ചർ ടൂറിസം അക്കാഡമി, കയാക്കിംഗിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യ വികസനം, വേളി അഡ്വഞ്ചർ പാർക്ക്, വാഗമൺ പാരാഗ്ലൈഡിംഗ് അടിസ്ഥാന സൗകര്യ വികസനം, വാഗമൺ അഡ്വഞ്ചർ പാർക്ക്, കുമരകത്ത് പാരാഗ്ലൈഡിംഗ് കോഴ്സിനുള്ള സ്ഥലം എന്നിവ ഈ മേഖലയിൽ നടപ്പിലാക്കാനിരിക്കുന്ന പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ